**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**
**ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം -14**

**വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്-** ജീവനക്കാര്യം - പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – II ശ്രീ. എ. ജയസിംഗിനെ സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്തും പകരം പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – I ശ്രീ. സക്കീർഹുസൈൻ എറണാകുളം ഇ.എസ്.ഐ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – I ശ്രീ. റ്റി. ശ്രീകുമാരൻ എന്നിവരെ സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ ഡ്യൂട്ടി അറേഞ്ച്മെന്റിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം** - ഉത്തരവ് നം. ഇ5-10980/2015/ഡിഐഎംഎസ് തീയതി, 04.10.2017

---

**ഉത്തരവ് നമ്പർ E5-10980/2015/ഡി.ഐ.എം.എസ് തീയതി. 10/10/2016**

പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – II ശ്രീ. എ. ജയസിംഗിനെ മേൽ പരാമർശം ഉത്തരവ് പ്രകാരം സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചിരുന്നു. എന്നാൽ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നിലവിൽ 7 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – II തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഈ സാഹചര്യത്തിൽ ശ്രീ. എ. ജയസിംഗ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – II - നെ സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ മരുന്നു സംഭരണവും വിതരണവും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സെൻട്രൽ മെഡിക്കൽ സ്റ്റോറിലെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ ജീവനക്കാരെ ഡ്യൂട്ടി അറേഞ്ച്മെന്റിൽ നിയമിക്കണമെന്ന് സ്റ്റോർ സൂപ്രണ്ട് ആവശ്യപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – I, ശ്രീ. സക്കീർഹുസൈൻ, എറണാകുളം ഇ.എസ്.ഐ ആശുപത്രിയിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – I

മറുപുറം

ശ്രീ. റ്റി. ശ്രീകുമാരൻ എന്നിവരെ സെൻട്രൽ മെഡിക്കൽ സ്റ്റോറിൽ ഡ്യൂട്ടി അറേഞ്ച്മെന്റിന്റെ ഭാഗമായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു. ശ്രീ. സക്കീർഹുസൈൻ, ഹോസ്പിറ്റൽ ഗ്രേഡ് - I, ശ്രീ. റ്റി. ശ്രീകുമാരൻ, ഹോസ്പിറ്റൽ ഗ്രേഡ് - I എന്നിവർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതാണ്.

വിടുതൽ തീയതിയും ജോലിയിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

**(ഒപ്പ്)**
**ഡോ. അജിത നായർ. ആർ**
**ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്**

സ്വീകർത്താവ്

a) ശ്രീ. സക്കീർഹുസൈൻ,
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – I
ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട.

b) ശ്രീ. റ്റി. ശ്രീകുമാരൻ,
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് – I,
ഇ.എസ്.ഐ ആശുപത്രി, എറണാകുളം.
(ഓഫീസ് മേധാവികൾ മുഖാന്തിരം)

പകർപ്പ്
1. ജോയിന്റ് ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് , തിരുവനന്തപുരം
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ദക്ഷിണമേഖല, കൊല്ലം/മദ്ധ്യമേഖല, എറണാകുളം.
3. സ്റ്റോർ സൂപ്രണ്ട്, സെൻട്രൽ മെഡിക്കൽ സ്റ്റോർ, തിരുവനന്തപുരം
4. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട/എറണാകുളം.
5. ഫയൽ/സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

ജി.എസ്/-